(ബി) എങ്കിൽ ചന്ദനത്തടിയുടെ ക്രയവിക്രയം സംബന്ധിച്ച് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ;

(സി) സംസ്ഥാനത്ത് ചന്ദനത്തടിയുടെ ക്രയവിക്രയം പൂർണ്ണമായും സർക്കാരിനെ നിക്ഷിപ്തമാക്കുന്നതിന് ഉദ്ദേശമുണ്ടോ ;

(ഡി) എങ്കിൽ ഇതിലേയ്ക്ക് നിയമനിർമ്മാണം ആവശ്യമെന്ന് കരുതുന്നുണ്ടോ ; എങ്കിൽ ഇതിനായി ഈ സർക്കാർ എന്തൊക്കെ നടപടി കൈക്കൊണ്ടുവെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ചന്ദനത്തടിയുടെ ക്രയവിക്രയ ചുമതല സർക്കാരിൽ നിക്ഷിപ്ത മാക്കുന്നതോടെ ആയത് അന്തർ സംസ്ഥാന-വ്യാപാരവാണിജ്യ നിയന്ത്രണ ങ്ങളെ ബാധിക്കുമെന്ന് സർക്കാർ കരുതുന്നുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ;

(എഫ്) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി,സി,ഡി,ഇ&എഫ്) ചന്ദനമരങ്ങൾ മുറിക്കുന്നതിലും ചന്ദനത്തടി വില്ക്കുന്നതിലും കൈവശം വയ്ക്കുന്നതിലും ചന്ദനഫാക്ടറികൾ നടത്തുന്നതിലും നിയന്ത്രണങ്ങൾ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിന് നിയമനിർമ്മാണം ആവശ്യമാണ്. ആയത് അന്തർ സംസ്ഥാന-വ്യാപാര വാണിജ്യ നിയന്ത്രണങ്ങളെ ബാധിക്കുമെന്ന് കരുതുന്നു. അതിനാൽ കേരള വനനിയമങ്ങളിൽ ഭേദഗതി കൊണ്ടുവരുന്നതിനുള്ള അനുമതിക്കായി നിർദ്ദേശങ്ങൾ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

നഗര-ഗ്രാമ വിപണികൾ വ്യാപകമാക്കുന്നതിനുള്ള നടപടി

26 (*232) ശ്രീ. ആന്റണി രാജു :
ശ്രീ. മോൻസ് ജോസഫ് :
ഡോ. കെ. സി. ജോസഫ് :
ശ്രീ. പി. സി. ജോർജ് :
ശ്രീ. ടി. എസ്. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കാർഷിക നഗര-ഗ്രാമ വിപണികൾ വ്യാപകമാക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതുമൂലം കർഷകർക്കുണ്ടാകുന്ന നേട്ടങ്ങൾ വിശദീകരിക്കുമോ ;

(സി) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പഴം, പച്ചക്കറി എന്നിവ വിപണിയിൽ എത്തുന്നതിനുമുമ്പ് ഉപയോഗശൂന്യമാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എങ്കിൽ ഇതു തടയാൻ ശീതീകരണ സംവിധാനം വ്യാപകമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) ഇതിനായി വിദേശ സാങ്കേതികസഹായം തേടുമോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) 6 നഗര-ഗ്രാമ വിപണികൾ തുടങ്ങാനുള്ള നടപടികൾ പൂർത്തിയായി വരുന്നു. ഇതു വ്യാപകമാക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

(ബി) ബാധകമല്ല.

(സി) ഉണ്ട്.

(ഡി) ഉണ്ട്.

(ഇ) പരിശോധിക്കുന്നതാണ്.

ശബരിമല വികസനം

27(*233) ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. പി. കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല വികസനത്തിനു വേണ്ടി സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ശബരിമല വികസനത്തിനു വേണ്ടി 20 ഹെക്ടർ സ്ഥലം അനുവദിക്കുന്നതിനായി സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) വനഭൂമി അനുവദിക്കാൻ കേന്ദ്രസർക്കാർ മുന്നോട്ടുവച്ച നിബന്ധനകൾ എന്തെല്ലാമാണ് ;

(ഡി) ക്ഷേത്രവും അനുബന്ധങ്ങളും ഒഴികെ സന്നിധാനത്ത് നിർമ്മിച്ചിരിക്കുന്ന സ്ഥിരമായ നിർമ്മാണ പ്രവർത്തനങ്ങളുടെ വിസ്താരം എന്തെന്ന് വ്യക്തമാക്കുമോ ;

(ഇ) വനംവകുപ്പും ദേവസ്വംബോർഡും തമ്മിലുള്ള കരാറുകാരുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(എഫ്) ളാഹ-ചാലക്കയം ഭാഗത്ത് കടകൾക്ക് വനത്തിൽ സ്ഥലം അനുവദിച്ചതു പോലെ ഒരു വർക്ക് ഷോപ്പിനു സ്ഥലം അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly